**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ജീവനക്കാര്യം - കുടുംബശ്രീ പത്തനംതിട്ട ജില്ലാ മിഷനിലെ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫായ ശ്രീമതി.അനിത.എം.ബി., ക്ലർക്ക്, പഞ്ചായത്ത് ഡയറക്ടറേറ്റ്, തിരുവനന്തപുരം- അന്യത്രസേവനകാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു..

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം.1070/2019/തസ്വഭവ. തിരുവനന്തപുരം, തീയതി: 28/05/2019**

---

പരാമർശം:- 1. 10.05.2013 തീയതിയിലെ 42/2013/Fin നം. സർക്കുലർ

2. 28.11.2013 തീയതിയിലെ സ.ഉ.(പി)നം. 580/2013/Fin നമ്പർ ഉത്തരവ്

3: 14/02/2017 തീയതിയിലെ സ.ഉ(സാധാ)നം. 414/17/തസ്വഭവ നമ്പർ ഉത്തരവ്

4. 31/03/2018 തീയതിയിലെ സ.ഉ(സാധാ)919/2018/തസ്വഭവ നമ്പർ ഉത്തരവ്

5. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 12./03/2019-ലെ 1855/ഇ 1/17/കെ.എസ്.എച്ച്.ഒ. നമ്പർ കത്ത്

<u>ഉത്തരവ്</u>

പഞ്ചായത്ത് ഡയറക്ടറേറ്റിലെ ക്ലർക്കായ ശ്രീമതി. അനിത.എം.ബി-യെ കുടുംബശ്രീ പത്തനംതിട്ട ജില്ലാ മിഷൻ ഓഫീസിൽ ഓഫീസ് സെക്രട്ടേറിയറ്റിൽ സ്റ്റാഫായി അന്യത്രസേവന വ്യവസ്ഥയിൽ പരാമർശം (3)ലെ സർക്കാർ ഉത്തരവു പ്രകാരം നിയമിക്കുകയും പരാമർശം(4) പ്രകാരം ടിയാളുടെ അന്യത്രസേവന കാലാവധി 22/2/2019 വരെ ദീർഘിപ്പിച്ചു നൽകുകയും ചെയ്തിരുന്നു.

(2) ടിയാളുടെ അന്യത്രസേവന കാലാവധി **22/2/2019** തീയതിയിൽ അവസാനിച്ച സാഹചര്യത്തിൽ **23/02/2019** തീയതി മുതൽ ഒരു വർഷത്തേക്ക് കൂടി അന്യത്രസേവനം ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർശം **(5)**-ലെ കത്ത് പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

**(3)** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പഞ്ചായത്ത് ഡയറക്ടറേറ്റിലെ ക്ലർക്കായ ശ്രീമതി. അനിത.എം.ബി-യുടെ കുടുംബശ്രീ പത്തനംതിട്ട ജില്ലാ മിഷനിലെ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് തസ്തികയിലെ അന്യത്ര സേവനകാലം കേരള സർവ്വീസ് റൂൾ **(140** സി**)** പ്രകാരമുള്ള വ്യവസ്ഥകൾക്കു വിധേയമായി **23/12/2019** മുതൽ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**

**വി. നാഗേന്ദ്രൻ**

**ഗവൺമെന്റ് ഡെപ്യൂട്ടി സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം

ബന്ധപ്പെട്ട വ്യക്തിക്ക് (പഞ്ചായത്ത് ഡയറക്ടർ മുഖേന)

പഞ്ചായത്ത് ഡയറക്ടർ, , തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) (എൽ.ബി.എ) കേരളം, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**